# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 389 11.06.2013 ൽ മറുപടിക്ക്

## റെയിൽവേ സ്റ്റേഷനുകളിൽ പാർക്കിംഗ് ഏരിയ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ സ്റ്റേഷനുകളിൽ എത്തുന്ന സ്വകാര്യവാഹനങ്ങൾ താല്ക്കാലികമായി പാർക്ക് ചെയ്യുന്നതിന് സൗകര്യം ഇല്ലാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഇത്തരത്തിലുളളവർക്ക് പ്രത്യേകം പാർക്കിംഗ് ഏരിയ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | റെയിൽവേ സ്റ്റേഷനുകളിൽ വാഹനങ്ങൾക്ക് സുഗമമായി വന്നുപോകുന്നതിനും, ഗതാഗതകുരുക്കും തിരക്കും ഒഴിവാക്കാനും, നിശ്ചയിച്ചിരിക്കുന്ന പാർക്കിംഗ് ലോട്ടുകളിൽ നിശ്ചിത ഫീസ് നല്കി വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ മാത്രമേ അനുവാദമുള്ളൂ. ടി പാർക്കിംഗ് ലോട്ടുകൾ നടത്തുന്നതിന് സ്വകാര്യ ഏജൻസികളെ ലേലം മുഖേന ഏല്പിക്കുകയാണ് ചെയ്യുന്നത്. എന്നിരുന്നാലും ട്രെയിൻയാത്രക്കാരെ റയിൽവേ സ്റ്റേഷനിൽ കൊണ്ടിറക്കുവാനും കയറ്റികൊണ്ട് പോകാനും (Pick and drop facility) സൗജന്യമായി അനുവദിക്കുന്നുണ്ട്. പാർക്കിംഗ് ലോട്ടുകളിൽ അല്ലാതെ റയിൽവേ സ്റ്റേഷൻ പരിസരത്ത് വാഹനം പാർക്ക് ചെയ്യുന്നത് റയിൽവേ നിയമ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. |
| (സി) | താല്ക്കാലികാവശ്യാർത്ഥം വരുന്നവർ സർക്കാർവാഹന പാർക്കിംഗ് നടത്തുന്നിടത്ത് അല്പ നേരം ഇരുചക്രവാഹനം നിർത്തിയാൽപോലും, ആർ.പി. എഫ് . വൻതുക പിഴയീടാക്കുന്ന അവസ്ഥ നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പരിഹാര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ